പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *127 — 13.06.2014 ലെ മറുപടിയ്ക്ക്

## കൃഷികൾക്ക് നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. മാത്യു.റ്റി.തോമസ്<br>ശ്രീമതി.ജമീലാ പ്രകാശം<br>ശ്രീ. സി.കെ.നാണു | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷിയിടങ്ങൾ കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. കരഭൂമി കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിൽ ഇപ്പോൾ നിയന്ത്രണം ഒന്നും ഇല്ല. എന്നാൽ നെൽവയലുകൾ സംരക്ഷിക്കുന്നതിനും കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് നിയന്ത്രിക്കുന്നതിനുമായി കേരള നെൽവയൽ തണ്ണീർതട സംരക്ഷണ നിയമം 2008 സംസ്ഥാനത്ത് പ്രാബല്യത്തിലുണ്ട്. |
| (ബി) കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി ഉണ്ടാകുന്ന കാർഷിക നഷ്ടങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാരം പര്യാപ്തമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) വിലയിരുത്തിയിട്ടുണ്ട്.<br>സർക്കാർ ഉത്തരവ് (എംഎസ്)നം.239/12/ ഡിഎംഡി, തീയതി, 11.06.2012 ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ കെ) വകുപ്പ് പ്രകാരം പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കൃഷിനാശങ്ങൾക്ക് എസ്.ഡി.ആർ.എഫ്.മാനദണ്ഡം വഴി നൽകിവരുന്ന നഷ്ടപരിഹാരതുകയുടെ തോത് 01.04.2012 മുതൽ പുതുക്കി നിർണ്ണയിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു. കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി കൃഷി വകുപ്പ് മുഖേന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.<br>(വിശദവിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.) |
| (സി) കാലാവസ്ഥാമാറ്റങ്ങൾ വളരെ വേഗത്തിൽ കർഷകരെ അറിയിക്കുവാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) ആകാശവാണി, ദൂരദർശൻ എന്നിവയിലൂടെ സംപ്രേക്ഷണം ചെയ്യുന്ന കാർഷിക വാർത്തകളിലൂടെ കാലാവസ്ഥാ മാറ്റങ്ങളെക്കുറിച്ചും, അതനുസരിച്ച് കർഷകർ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും നിർദ്ദേശം നൽകി വരുന്നുണ്ട്. |

ഇന്ത്യാ മീറ്റിയോറളജിക്കൽ ഡിപ്പാർട്ട്മെന്റിന്റെ (IMD) കാലാവസ്ഥാ പ്രവചനങ്ങളെ അടിസ്ഥാനമാക്കി കാർഷിക കാലാവസ്ഥാ നിർദ്ദേശക ബുള്ളറ്റിനുകൾ കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ എല്ലാ ആഴ്ചയിലും തയ്യാറാക്കുകയും കൃഷി ആഫീസർമാർക്ക് ഇ-മെയിൽ മുഖാന്തിരം എത്തിച്ചുകൊടുക്കുകയും ചെയ്യുന്നുണ്ട്. ഇതിന്റെ പ്രസക്ത ഭാഗങ്ങൾ എല്ലാ ആഴ്ചയിലും മലയാളത്തിലുള്ള എസ്.എം.എസ് ആയി കർഷകർക്ക് കാർഷിക സർവ്വകലാശാല എത്തിച്ചുകൊടുക്കുന്നു. കൂടാതെ കൃഷി ആഫീസുകളിലെ നോട്ടീസ് ബോർഡുകളിൽ കാർഷിക-കാലാവസ്ഥാ നിർദ്ദേശക ബുള്ളറ്റിനുകൾ പ്രദർശിപ്പിക്കുന്നുമുണ്ട്.

കൂടാതെ അടിയന്തിര ഘട്ടങ്ങളിൽ IIITMK മുഖാന്തിരം KISSAN SMS വഴി അടിയന്തിര പ്രധാന്യമുള്ള കാലാവസ്ഥാ വ്യതിയാനങ്ങൾ നൽകുന്ന സംവിധാനം നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

<u>സംഗ്രഹം</u>

ദുരന്ത നിവാരണ വകുപ്പ് - പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കൃഷിനാശങ്ങൾക്ക് എസ്.ഡി.ആർ.എഫ് മാനദണ്ഡം വഴി നല്കിവരുന്ന നഷ്ടപരിഹാരതുകയുടെ തോത് പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ - കെ) വകുപ്പ്

സ.ഉ.(എം.എസ്)നം.239/2012/ഡി.എം.ഡി. തിരുവനന്തപുരം, തീയതി, 11/06/2012

---

പരാമർശം:- 1. സ.ഉ(എം.എസ്)നം.89/2009/ഡി.എം.ഡി തീയതി.16.02.2009
2. സ.ഉ(എം.എസ്)നം.172/2012/ഡി.എം.ഡി തീയതി.28.04.2012

### *ഉത്തരവ്*

പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കൃഷിനാശങ്ങൾക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും (സംസ്ഥാന ദുരന്ത നിവാരണ നിധി) അനുവദിയ്ക്കാവുന്ന നഷ്ടപരിഹാര തുകയുടെ, തോത് കാർഷിക വിളകളുടെ പ്രത്യേക ഇനം തിരിച്ച്, പരാമർശ സർക്കാർ ഉത്തരവ് ഒന്ന് പ്രകാരം നിർണ്ണയിച്ചിരുന്നു. സംസ്ഥാനത്ത് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് ഇപ്പോൾ നല്കിവരുന്ന നഷ്ടപരിഹാരത്തിന്റെ തോത് പുനർനിർണ്ണയിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുവാൻ റവന്യൂ വകുപ്പ് മന്ത്രിയും കൃഷി വകുപ്പ് മന്ത്രിയും അടങ്ങുന്ന മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തികൊണ്ട് പരാമർശം രണ്ട് പ്രകാരം ഉത്തരവായിരുന്നു.

മന്ത്രിസഭാ ഉപസമിതിയുടെ നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിക്കുകയും സംസ്ഥാനത്ത് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശങ്ങൾക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും നല്കിവരുന്ന നഷ്ടപരിഹാരതുകയുടെ തോത്, അനുബന്ധം - 1 ൽ പറയുന്ന പ്രകാരം 2012 ഏപ്രിൽ 1 മുതൽ പുനർനിർണ്ണയിച്ചു ഉത്തരവാകുന്നു. അനുബന്ധം - 1 ൽ ഉൾപ്പെടാത്ത ഇനങ്ങൾക്കുള്ള നഷ്ടപരിഹാരം കേന്ദ്ര സർക്കാർ നിശ്ചയിച്ച നിരക്കിലാകും ലഭ്യമാക്കുക.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.ബി വത്സലകുമാരി
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, കൃഷി വകുപ്പ്
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളാ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളാ, തിരുവനന്തപുരം
കൃഷി/മൃഗസംരക്ഷണം/മത്സ്യബന്ധന വകുപ്പുകൾ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂവും കയറും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ശാസ്ത്ര സാങ്കേതിക വകുപ്പ്
റവന്യൂ (കെ4) സീറ്റ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

| Crop | Existing Rate as per GO(Ms)89/2009/DMD | Revision Proposed by the Committee of Ministers |
|---|---|---|
| | 4000 | 10000 |
| Paddy (ha) | 300 | 700 |
| Coconut (Bearing per no) | 100 | 350 |
| Coconut (not bearing per no) | 25 | 100 |
| Coconut (upto 1 year per no) | 25 | 100 |
| Banana bunched per no | 12 | 75 |
| Banana (non-bunched per no) | 60 | 300 |
| Rubber tapping per no | 25 | 200 |
| Rubber (non tapping per no) | 60 | 150 |
| Cashew (bearing per no) | 20 | 100 |
| Cashew (non bearing above 3/years per no) | 45 | 150 |
| Arecanut bearing per no | 30 | 100 |
| Arecanut (per no non bearing) | 30 | 100 |
| Cocoa (bearing per no) | 30 | 100 |
| Coffee (per no) | 20 | 75 |
| Pepper (bearing per no) | 50 | 150 |
| Ginger (for 10 cents) | 50 | 120 |
| Turmeric (for 10 cents) | 50 | 150 |
| Tapioca (for 25 cents) | 750 | 2000 |
| Groundnut (ha) | 750 | 1200 |
| Sesamum | 50 | 200 |
| Vegetables (for 10 cents) | 100 | 400 |
| Nutmeg (bearing per no) | 50 | 150 |
| Nutmeg (non bearing) | 75 | 200 |
| Clove (bearing per no) | 25 | 100 |
| Clove (non bearing per no) | 1500 | 2500 |
| Cardamom (ha) | 150 | 300 |
| Betel vine (1 cent) | 350 | 1000 |
| Pulses (1 ha) | 50 | 150 |
| Tuber crops (colocasia, yam etc) 10 cents | 1250 | 2500 |
| Sugarcane (ha) | 125 | 750 |
| Pineapple (for 10 cents) | 30 | 150 |
| Fodder grass (gunica, congosignal napier 10 cents) | 125 | 750 |
| Mulbery (50 cents) | 300 | 1500 |
| Tobacco (10 cents) | 100 | 300 |
| Cotton (10 cents) | | |

# അനുബന്ധം-I/ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

| നം | വിളകൾ | ഇൻഷ്വർ ചെയ്യാൻ വേണ്ട വിളയുടെ ഏറ്റവും കുറഞ്ഞ എണ്ണം/ വിസ്തീർണ്ണം | വിള ഇൻഷ്വർ ചെയ്യാൻ വേണ്ട പ്രായം | അടയ്ക്കേണ്ട പ്രീമിയം | നഷ്ടപരിഹാര തോത് |
|---|---|---|---|---|---|
| 1 | തെങ്ങ് | 10 എണ്ണം | ഒരാണ്ടിൽ കുറഞ്ഞത് 30 നാളികേരമെങ്കിലും കായ് ഫലം നൽകുന്ന തെങ്ങുകൾ | തെങ്ങൊന്നിന് 2 രൂപ ഒരുവർഷത്തേയ്ക്ക്, 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ തെങ്ങൊന്നിന് 5 രൂപ | തെങ്ങൊന്നിന് 1000 രൂപ |
| 2 | കമുക് | 10 മരങ്ങൾ | കായ്ഫലമുള്ളത് | ഒരു മരത്തിന് ഒരു വർഷത്തേയ്ക്ക് 1 രൂപ. 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ മരമൊന്നിന് 2 രൂപ | ഒരു മരത്തിന് 100 രൂപ |
| 3 | റബ്ബർ | 25 എണ്ണം | കറയെടുക്കുന്ന മരങ്ങൾ | ഒരു മരത്തിന് ഒരു വർഷത്തേയ്ക്ക് 2 രൂപ മൂന്നു വർഷം ഒന്നിച്ചടച്ചാൽ 5 രൂപ | ഒരു മരത്തിന് 500 രൂപ |
| 4 | കശുമാവ് | 5 മരങ്ങൾ | കായ്ഫലമുള്ളത് | ഒരു മരത്തിന് ഒരു വർഷത്തേയ്ക്ക് 2 രൂപ, 3 രൂപ 5 വർഷത്തേയ്ക്ക് | ഒരു മരത്തിന് 200 രൂപ |
| 5 | വാഴ (ഏത്തൻ, കപ്പ,പാളയം തോടൻ,റോബസ്റ്റ | 10 എണ്ണം | നട്ട് കഴിഞ്ഞ് ഒരു മാസം മുതൽ 5 മാസം വരെ | ഒരു വാഴയ്ക്ക് 2 രൂപ | കുലയ്ക്കാത്തതിന് 20 രൂപ, കുലച്ചതിന് 50 രൂപ |
| 6 | മരച്ചീനി | 0.02 ഹെക്ടർ | നട്ട് കഴിഞ്ഞ് ഒരു മാസത്തിനു ശേഷം 5 മാസം വരെ | 0.02 ഹെക്ടറിന് 2 രൂപ | 0.02 ഹെക്ടറിന് 100 രൂപ(ഹെക്ടറൊന്നിന് 5000 രൂപ) |
| 7 | കൈതച്ചക്ക | 0.02 ഹെക്ടർ | നട്ട് കഴിഞ്ഞ് ഒരു മാസത്തിനു ശേഷവും ആറു മാസത്തിനകവും | 0.02 ഹെക്ടറിന് 25 രൂപ | 0.02 ഹെക്ടറിന് 500 രൂപ(ഹെക്ടറൊന്നിന് 25000 രൂപ) |
| 8 | കുരുമുളക് | 15 താങ്ങു മരങ്ങളിൽ ഉള്ളവ | കായ്ച്ചു തുടങ്ങിയവ | ഒരു താങ്ങു മരത്തിലുള്ള തിന് ഒരു വർഷത്തേയ്ക്ക് ഒരു രൂപ മൂന്നു വർഷ ത്തേയ്ക്ക് ഒന്നിച്ചടച്ചാൽ 2 രൂപ | ഓരോ താങ്ങു മരത്തിലും ഉള്ളതിന് 40 രൂപ വീതം |
| 9 | ഏലം | 1 ഹെക്ടർ | കായ്ഫലമുള്ളത് | ഒരു വർഷത്തേയ്ക്ക് ഹെക്ടറിന് 1000 രൂപ മൂന്നു വർഷ ത്തേയ്ക്ക് ഒന്നിച്ചടച്ചാൽ 2500 രൂപ | ഹെക്ടറൊന്നിന് 30,000/-രൂപ |

| | | | | | |
|---|---|---|---|---|---|
| 10 | ഇഞ്ചി | 0.02 ഹെക്ടർ | നട്ട് ഒരു മാസം കഴിഞ്ഞ് 5 മാസം വരെ | 0.02 ഹെക്ടറിന് 10 രൂപ | 0.02 ഹെക്ടറിന് 80[illegible] രൂപ(ഹെക്ടറൊന്നിന് 40,000 രൂപ) |
| 11 | മഞ്ഞൾ | 0.02 ഹെക്ടർ | നട്ട് ഒരു മാസം കഴിഞ്ഞ് 3 മാസം വരെ | 0.02 ഹെക്ടറിന് 10 രൂപ | 0.02 ഹെക്ടറിന് 800 രൂപ(ഹെക്ടറൊന്നിന് 40,000 രൂപ) |
| 12 | കാപ്പി | 10 മരങ്ങൾ | കായ്ഫലമുള്ളത് | ഒരു ചെടിക്ക് ഒരു വർഷ ത്തേയ്ക്ക് ഒരു രൂപ, മൂന്നു വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ 2 രൂപ | ഒരു മരത്തിന് 75 രൂപ |
| 13 | തേയില | 1 ഹെക്ടർ | ഇലയെടുത്തു തുടങ്ങിയ ചെടികൾ | ഹെക്ടറൊന്നിന് ഒരു വർഷ ത്തേയ്ക്ക് 1000 രൂപ, മൂന്നു വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ 2500 രൂപ | ഹെക്ടറൊന്നിന് 60,000 രൂപ ഇൻഷ്വർ ചെയ്യതിന്റെ 10% മോ, 2 ഹെക്ടറോ ഏതാണോ കുറവ് അതിന് നഷ്ടപരിഹാരം നല്കാവുന്നതാണ്. |
| 14 | കൊക്കോ | 5 എണ്ണം | കായ്ഫലമുള്ളത് | ഒരു രൂപ ഒരു മരത്തിന് ഒരു വർഷത്തേയ്ക്ക് മൂന്നു വർഷ ത്തേയ്ക്ക് ഒന്നിച്ചടച്ചാൽ 2 രൂപ | ഒരു മരത്തിന് 35 രൂപ |
| 15 | നിലക്കടല | 0.1 ഹെക്ടർ | നട്ടു കഴിഞ്ഞ് ഒരു മാസ ത്തിനു ശേഷം രണ്ടു മാസത്തിനു മുമ്പ് | 0.1 ഹെക്ടറിന് 25 രൂപ | 0.1 ഹെക്ടറിന് 800 രൂപ (ഹെക്ടറൊന്നിന് 8000 രൂപ |
| 16 | എള്ള് | 0.1 ഹെക്ടർ | വിതച്ച് ഒരാഴ്ച കഴിഞ്ഞ് ഒരു മാസം വരെ | 0.1 ഹെക്ടറിന് 25 രൂപ | 0.1 ഹെക്ടറിന് 500 രൂപ (ഹെക്ടറൊന്നിന് 5000 രൂപ |
| 17 | പച്ചക്കറി (പന്തലുള്ളവയും - പന്തലില്ലാത്തവയും | 0.04 ഹെക്ടർ (10 സെന്റ്) | നട്ട് ഒരാഴ്ച കഴിഞ്ഞ് ഒരു മാസം വരെ | 10 സെന്റിന് 10 രൂപ | 10 സെന്റിന് 800 രൂപ (പന്തലില്ലാത്തവയ്ക്ക് ഹെക്ടറൊന്നിന് 20,000 രൂപ 10 സെന്റിന് 1600 രൂപ (40000 രൂപ പന്തലുള്ളവയ്ക്ക്) |
| 18 | ജാതി | 5 എണ്ണം | കായ്ഫലമുള്ളത് | ഒരു വർഷത്തേയ്ക്ക് ഒരു മരത്തിന് 2 രൂപ, മൂന്ന് വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ 5 രൂപ | 200 രൂപ ഒരു മരത്തിന് |
| 19 | ഗ്രാമ്പൂ | 5 എണ്ണം | കായ്ഫലമുള്ളത് | ഒരു വർഷത്തേയ്ക്ക് ഒരു മരത്തിന് 2 രൂപ, മൂന്ന് വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ 5 രൂപ | 150 രൂപ ഒരു മരത്തിന് |

| | | | | | |
|---|---|---|---|---|---|
| 20 | വെറ്റില | 1 സെന്റ് | വിളവെടുപ്പ് ആരംഭിച്ചത്. | ഒരു വർഷത്തേയ്ക്ക് സെന്റൊന്നിന് 5/- രൂപ | സെന്റൊന്നിന് 250/- രൂപ |
| 21 | പയർവർഗ്ഗങ്ങൾ | 0.10 ഹെക്ടർ (25 സെന്റ് ) | നട്ട് രണ്ടാഴ്ച കഴിഞ്ഞ് 1 1/2 മാസം വരെ | 0.10 ഹെക്ടറിന് 12.50 രൂപ | 0.1 ഹെക്ടറിന് 250/ രൂപ (ഹെക്ടറിന് 2500 രൂപ) |
| 22 | കിഴങ്ങുവർഗ്ഗങ്ങൾ (ചേന,മധുരക്കിഴങ്ങ്) | 0.02 ഹെക്ടർ (5 സെന്റ്) | നട്ട് ഒരു മാസം കഴിഞ്ഞ് 3 മാസം വരെ | (എ) ചേന കൃഷിയ്ക്ക് 5/- രൂപ<br>(ബി) മധുരക്കിഴങ്ങ് കൃഷിയ്ക്ക് 3/- രൂപ | (എ) 0.02 ഹെക്ടറിന് 500/- രൂപ ചേന (ഹെക്ടറിന് ചേന 25000/- രൂപ )<br>(ബി) 0.02 ഹെക്ടറിന് 200/- രൂപ മധുരക്കിഴങ്ങ് (ഹെക്ടറൊന്നിന് 10,000/- രൂപ) |
| 23 | കരിമ്പ് | 0.10 ഹെക്ടർ | നട്ട് ഒരു മാസം കഴിഞ്ഞ് 3 മാസം വരെ | 0.10 ഹെക്ടൊന്നിന് 60/- രൂപ | 0.1 ഹെക്ടിന് 3,000/- രൂപ( ഹെക്ടറൊന്നിന് 30,000/- രൂപ) |
| 24 | പുകയില | 0.02 ഹെക്ടർ | നട്ട് രണ്ടാഴ്ച കഴിഞ്ഞ് 2 മാസം വരെ | 0.02 ഹെക്ടറിന് 2/- രൂപ | 0.02 ഹെക്ടറിന് 400/- രൂപ ( ഹെക്ടറൊന്നിന് 20,000/- രൂപ) |
| 25 | നെല്ല് | 0.10 ഹെക്ടർ | നട്ട് അല്ലെങ്കിൽ വിതച്ച് 15 ദിവസം കഴിഞ്ഞ് 2 മാസം വരെ | 0.10 ഹെക്ടറിന് 25/- രൂപ | ( 45 ദിവസത്തിനകമുള്ള വിളകൾക്ക് 7500/- രൂപ ഹെക്ടറിന് ) 45 ദിവസത്തിനു ശേഷമുള്ള വിളകൾക്ക് 12500/- രൂപ കീടരോഗബാധ കൃഷി ഭവനിൽ അറിയിച്ച് വേണ്ട പ്രതിരോധ നടപടികൾ എടുത്തതിനു ശേഷവും നഷ്ടമുണ്ടായാൽ മാത്രമെ നഷ്ടപരിഹാര തുകയ്ക്ക് അർഹത ഉണ്ടായിരിക്കയുള്ളൂ. |

# ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി
## ഖാരിഫ് 2013- സീസൺ

| ക്രമ നം | വിള | പരമാവധി ഇൻഷ്വറൻസ് തുക(ഹെക്ടറിന്) | പ്രീമിയം നിരക്ക് (%) | പ്രീമിയം തുക | കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതം | കർഷകന്റെ വിഹിതം |
|---|---|---|---|---|---|---|
| 1 | നെല്ല് | 33,250 | 2.5% | 831.25 | 83.125 | 748.125 |
| 2 | വാഴ | 4,09,000 | 2.65% | 10838.5 | 1083.85 | 9754.65 |
| 3 | മരച്ചീനി | 423300 | 4.9% | 20741.7 | 2074.17 | 18667.53 |

ഒപ്പ്/-
കൃഷി ഡയറക്ടർ

## ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി
## റാബി 2013-2014 സീസൺ

| | ക്രമ നം | വിള | പരമാവധി ഇൻഷ്വറൻസ് തുക(ഹെക്ടറിന്) | പ്രീമിയം നിരക്ക് (%) | പ്രീമിയം തുക | കേന്ദ്ര - സംസ്ഥാന സർക്കാർ വിഹിതം | കർഷകരുടെ വിഹിതം |
|---|---|---|---|---|---|---|---|
| റാബി -I സീസൺ | 1 | നെല്ല് | 35,100 | 2.00 | 702 | 70.2 | 631.8 |
| | 2 | വാഴ | 3,47,300 | 3.25 | 11287.25 | 1128.725 | 10158.525 |
| | 3 | മരച്ചീനി | 4,58,250 | 7.00 | 32077.5 | 3207.75 | 28869.75 |
| റാബി -II സീസൺ | 1 | നെല്ല് | 38,950 | 2.00 | 779.00 | 77.9 | 701.1 |
| | 2 | വാഴ | 38,300 | 3.00 | 1149.00 | 114.9 | 1034.1 |
| | 3 | മരച്ചീനി | 3,69,150 | 8.00 | 29532.0 | 2953.2 | 26578.8 |

## കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി
## ഖാരിഫ് സീസൺ 2013.

| ക്രമ നമ്പർ | വിള | പരമാവധി ഇൻഷ്വറൻസ് തുക (ഹെക്ടറിന്) | പ്രീമിയം നിരക്ക് (%) | പ്രീമിയം തുക | പ്രീമിയത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന വിഹിതം | പ്രീമിയത്തിൽ കർഷകന്റെ വിഹിതം |
|---|---|---|---|---|---|---|
| 1 | നെല്ല് | 35000 | 10 | 3500 | 2625 | 875 |
| 2 | വാഴ | 100000 | 12 | 12000 | 6000 | 6000 |
| 3 | കുരുമുളക് | 40000 | 12 | 4800 | 2400 | 2400 |
| 4 | തെങ്ങ് | 35000 | 12 | 4200 | 2100 | 2100 |
| 5 | കമുക് | 45000 | 12 | 5400 | 2700 | 2700 |
| 6 | ഇഞ്ചി | 100000 | 12 | 12000 | 6000 | 6000 |
| 7 | മഞ്ഞൾ | 60000 | 12 | 7200 | 3600 | 3600 |
| 8 | ഏലം | 40000 | 12 | 4800 | 2400 | 2400 |
| 9 | പൈനാപ്പിൾ | 30000 | 12 | 3600 | 1800 | 1800 |
| 10 | കരിമ്പ് | 30000 | 12 | 3600 | 1800 | 1800 |

## കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി
## റാബി 2013 – 14 സീസൺ

| ക്രമ നമ്പർ | വിള | പരമാവധി ഇൻഷ്വറൻസ് തുക (ഹെക്ടറിന്) | പ്രീമിയം നിരക്ക് (%) | പ്രീമിയം തുക | പ്രീമിയത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന വിഹിതം | പ്രീമിയത്തിൽ കർഷകന്റെ വിഹിതം |
|---|---|---|---|---|---|---|
| 1 | നെല്ല് | 25000 | 8 | 2000 | 1500 | 500 |
| 2 | വാഴ | 100000 | 12 | 12000 | 6000 | 6000 |
| 3 | കശുമാവ് | 50000 | 12 | 6000 | 3000 | 3000 |
| 4 | കരിമ്പ് | 25000 | 12 | 3000 | 1500 | 1500 |
| 5 | <u>മാവ്</u> | <u>മാവൊന്നിന്</u> | | | | |
| | 5 മുതൽ 10 വർഷം വരെ പ്രായമുള്ളത് | 400 രൂപ | 12 | 48 | 24 | 24 |
| | 10 മുതൽ 40 വർഷം വരെ പ്രായമുള്ളത് | 800 രൂപ | 12 | 96 | 48 | 48 |
| | 40 വർഷത്തിനു മുകളിൽ പ്രായമുള്ളത് | 600 രൂപ | 12 | 72 | 36 | 36 |

## കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി

| ക്രമ നമ്പർ | തെങ്ങിന്റെ പ്രായം | തെങ്ങൊന്നിന് ഇൻഷ്വറൻസ് തുക | തെങ്ങൊന്നിന് ഒരു വർഷത്തേയ്ക്ക് പ്രീമിയം തുക | കർഷകർ അടയ്ക്കേണ്ട പ്രീമിയം തുക |
|---|---|---|---|---|
| 1 | കായ്ച്ചു തുടങ്ങുന്നതു മുതൽ 15 വർഷം വരെ പ്രായമുള്ളവ | 600 | 4.25 രൂപ | 1.06 രൂപ |
| 2 | 16 വർഷം പ്രായമുള്ളവ മുതൽ 60 വർഷം പ്രായമുള്ളവ വരെ | 1150 | 5.75 രൂപ | 1.45 രൂപ |

ഒപ്പ്.
കൃഷി ഡയറക്ടർ

സെക്ഷൻ ഓഫീസർ